9
തിങ്കൾ
2017 ഒക്ടോബർ
1193 കന്നി 23

മക്തബ്

www.makthabdaily.com

കോയമ്പത്തൂർ ആര്യ വൈദ്യ ഫാർമസി
അംഗീകൃത ഏജൻസി
സബ് രജിസ്ട്രാഫീസിന് സമീപം, ലിങ്ക് റോഡ്, ആലക്കോട്
Ph: 9495773656
ഡോ. ശ്രുതി. വൈ. BAMS, Dly
എല്ലാ ബുധൻ, ശനി ദിവസങ്ങളിൽ രോഗികളെ പരിശോധിക്കുന്നു.
ബുക്കിംഗിന്: 0460 2255155

തളിപ്പറമ്പ പുസ്തകം 10 ലക്കം 308 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2015-17 Ph: 0460- 2208010 പേജ് 4 വില: 4.00 രൂപ

ഗോധ്ര കൂട്ടക്കൊല; 11 പേരുടെ വധശിക്ഷ ജീവപര്യന്തമാക്കി കുറച്ചു

അലഹബാദ്: ഗോധ്ര കൂട്ടക്കൊലയിൽ പ്രത്യേക കോടതി വധശിക്ഷ വിധിച്ച 11 പേരുടെ ശിക്ഷ ഗുജറാത്ത് ഹൈക്കോടതി ജീവപര്യന്തമാക്കി കുറച്ചു. 2002 ഫിബ്രവരി 27നായിരുന്നു ഗോധ്ര കൂട്ടക്കൊല നടന്നത്. ബാബ്റി മസ്ജിദ് തകർക്കാൻ പോയിരുന്ന കർസേവകർ സഞ്ചരിച്ച സബർമതി എക്സ്പ്രസിന്റെ എസ്.6 കോച്ചിന് തീയിട്ട് 59 പേരെ കൊലപ്പെടുത്തിയെന്നായിരുന്നു കേസ്. ഈ കേസിൽ 2011 മാർച്ച് 1ന് പ്രത്യേക കോടതി 63 പേരെ വെറുതെവിടുകയും 11 പേർക്ക് വധശിക്ഷ വിധിക്കുകയും 20 പേർക്ക് ജീവപര്യന്തം തടവ് വിധിക്കുകയും ചെയ്തു. ഈ വിധിക്കെതിരെ ഗുജറാത്ത് സംസ്ഥാന സർക്കാരും ശിക്ഷിക്കപ്പെട്ട പ്രതികളും ഹൈക്കോടതിയിൽ അപ്പീൽ നൽകുകയായിരുന്നു. 63 പേരെ വെറുതെ വിട്ടതിനെതിരെയായിരുന്നു സർക്കാരിന്റെ അപ്പീൽ. ശിക്ഷ കുറക്കണമെന്നാവശ്യപ്പെട്ടായിരുന്നു ശിക്ഷിക്കപ്പെട്ടവരുടെ അപ്പീൽ. കൊലപാതകം, വധശ്രമം, കുറ്റകരമായ ഗൂഢാലോചന തുടങ്ങിയ വകുപ്പുകൾ പ്രതികൾക്കെതിരെ നിലനിൽക്കുമെങ്കിലും വധശിക്ഷ നൽകത്തക്ക വിധമുള്ള തെളിവുകളില്ലെന്ന് ചൂണ്ടിക്കാണിച്ചാണ് ശിക്ഷ ജീവപര്യന്തമാക്കി ഹൈക്കോടതി കുറച്ചത്. നേരത്തെ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട 20 പേരുടെ ശിക്ഷ നിലനിൽക്കും.

ക്രമസമാധാനപാലനത്തിൽ ഗുജറാത്ത് സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടിരുന്നുവെന്ന് വിധിയിൽ ഹൈക്കോടതി വിമർശിച്ചു. ഈ സംഭവത്തിൽ കൊല്ലപ്പെട്ടവരുടെയും അതിന് ശേഷം നടന്ന ഗുജറാത്ത് കലാപത്തിൽ കൊല്ലപ്പെട്ടവരുടെയും കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകണമെന്നും കോടതി വിധിച്ചു.

പോലീസിന്റെ സമർത്ഥമായ അന്വേഷണത്തിൽ ട്രെയിനിൽ കണ്ടെത്തി

വിവാഹം കഴിഞ്ഞ് നാലാംനാൾ യുവതി ഫെയ്സ്ബുക്ക് സുഹൃത്തിനെ തേടിയിറങ്ങി

തളിപ്പറമ്പ: വിവാഹം കഴിഞ്ഞ് നാലാം നാൾ ഫെയ്സ്ബുക്ക് സുഹൃത്തിനെ തേടിയിറങ്ങിയ യുവതി ബന്ധുക്കളെയും പോലീസിനെയും വലച്ചു. സ്യൂിദ് നഗറിലെ പെൺകുട്ടിയാണ് ഇന്നലെ വീടിറങ്ങിയത്. നാല് ദിവസം മുന്നേയായിരുന്നു യുവതിയുടെ വിവാഹം. മിനിഞ്ഞാന്ന് താൻ ഗൾഫിലേക്ക് വരികയാണെന്നും അതിനായി എറണാകുളത്തേക്ക് പുറപ്പെടുകയാണെന്നും തന്നെ കൂട്ടാൻ നെടുമ്പാശേരി വിമാനത്താവളത്തിലെത്തണമെന്നും ഫെയ്സ്ബുക്ക് സുഹൃത്തിന് സന്ദേശമയച്ചു. ഇന്നലെ യുവതി വീട്ടിൽ നിന്നിറങ്ങുകയും ചെയ്തു. യുവതിയെ കാണാതായതിനെ തുടർന്ന് ബന്ധുക്കൾ തളിപ്പറമ്പ് എസ്.ഐക്ക് പരാതി നൽകി. യുവതിയുടെ മൊബൈൽ ഫോൺ പിന്തുടർന്ന തളിപ്പറമ്പ പോലീസ് റെയിൽവേ പോലീസിന് വിവരം കൈമാറി. യുവതിയുടെ ഫോട്ടോയും ഒപ്പം നൽകി. റെയിൽവേ പോലീസ് മുഴുവൻ തീവണ്ടികളും കേന്ദ്രീകരിച്ച് അന്വേഷണം നടത്തി. യുവതി എറണാകുളം ഭാഗത്തേക്കുള്ള തീവണ്ടിയിൽ സഞ്ചരിക്കുകയായിരുന്നുവെന്ന സൂചന ലഭിച്ചതിനെ തുടർന്ന് തീവണ്ടി പരിശോധിച്ച് കോഴിക്കോട് നിന്ന് കസ്റ്റഡിയിലെടുത്തു. യുവതിയെ തളിപ്പറമ്പ പോലീസിന് കൈമാറി. യുവതിയെ കാണാൻ സ്റ്റേഷനിലെത്തിയ ഉമ്മ തലകറങ്ങി വീണു. യുവതിയെ സ്വീകരിക്കാൻ തയ്യാറല്ലെന്നും വിവാഹത്തിന് ചിലവായ ലക്ഷക്കണക്കിന് രൂപ നഷ്ടപരിഹാരമായി ലഭിക്കണമെന്നുമുള്ള നിലപാടിലാണ് നവവരനും വീട്ടുകാരും. യുവതിയെ അവരുടെ വീട്ടുകാർക്കൊപ്പം പോലീസ് പറഞ്ഞുവിട്ടിരിക്കുകയാണ്. യുവതിയും ഫെയ്സ്ബുക്ക് സുഹൃത്തും ഒരേ സമുദായക്കാരാണ്. ഫെയ്സ്ബുക്ക് സുഹൃത്ത് യുവതിയെ സ്വീകരിക്കുമോയെന്ന് ഉറപ്പായിട്ടില്ല.

കണ്ണൂർ ടു ഡൽഹി: സി.പി.എം, ബി.ജെ.പി കൊമ്പുകോർക്കൽ

ഡൽഹി/കണ്ണൂർ: സി.പി.എമ്മും ബി.ജെ.പിയും രാജ്യവ്യാപകമായി കൊമ്പുകോർക്കുന്നു. ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കുമ്മനം രാജശേഖരന്റെ നേതൃത്വത്തിൽ കേരളത്തിൽ നടക്കുന്ന ജനരക്ഷായാത്രയുടെ ഭാഗമായി ഈ മാസം 17 വരെ ഡൽഹിയിലെ സി.പി.എം കേന്ദ്ര കമ്മിറ്റി ഓഫീസിലേക്ക് ബി.ജെ.പി ദിവസേന നടത്തുന്ന പ്രതിഷേധ മാർച്ചിനെതിരെ സി.പി.എമ്മും രംഗത്തിറങ്ങി. ഇന്ന് രാവിലെ സി.പി.എം ആസ്ഥാനമായ എ.കെ.ജി ഭവനിലേക്ക് ബി.ജെ.പിയുടെ മാർച്ച് നടന്നു. കേന്ദ്ര ആഭ്യന്തരസഹമന്ത്രി കിരൺ റിജിജുവാണ് ബി.ജെ.പി മാർച്ച് ഉദ്ഘാടനം ചെയ്തത്.

കണ്ണൂരിൽ സി.പി.എമ്മിന്റെ പ്രതിഷേധസംഗമം ഇ.പി.ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു

ഇതിന് പിറകെയാണ് ബി.ജെ.പി കേന്ദ്ര കമ്മിറ്റി ആസ്ഥാനത്തേക്ക് സി.പി.എം ഡൽഹി സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ മാർച്ച് നടന്നത്. പോളിറ്റ്ബ്യൂറോ അംഗം വൃന്ദാകാരാട്ടിന്റെ നേതൃത്വത്തിലായിരുന്നു മാർച്ച്. അഖിലേന്ത്യാ സെക്രട്ടറി സീതാറാം യെച്ചൂരിയാണ് മാർച്ച് ഉദ്ഘാടനം ചെയ്തത്. തിരുവനന്തപുരം സെക്രട്ടേറിയറ്റ് നടയിൽ സി.പി.എം പ്രതിഷേധ സംഗമം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ചിത്രകാരൻമാരും സാഹിത്യകാരന്മാരും ചലച്ചിത്ര പ്രവർത്തകരും ഉൾപ്പെടെ വലിയൊരുനിര പ്രതിഷേധ സംഗമത്തിൽ പങ്കെടുക്കുന്നുണ്ട്.

പയ്യോളിൽ മിനിലോറിയും ടിപ്പറും കൂട്ടിയിടിച്ച് എട്ടാട്ട് സ്വദേശി മരിച്ചു

വടകര: പയ്യോളിയിൽ ഇന്ന് പുലർച്ചെയുണ്ടായ വാഹന അപകടത്തിൽ പയ്യന്നൂർ എടാട്ട് സ്വദേശിയായ ഡ്രൈവർ മരണപ്പെട്ടു. എടാട്ട് കണ്ണങ്കാട്ടെ സജീവനാ (43)ണ് മരണമടഞ്ഞത്. പെരുമ്പയിലെ ബനാന കച്ചവട സ്ഥാപനത്തിലെ ഡ്രൈവറാണ് സജീവൻ. കായയുമായി മേട്ടുപ്പാളയത്തിൽ നിന്ന് പയ്യന്നൂരിലേക്ക് വരികയായിരുന്ന സജീവൻ ഓടിച്ച ഐഷർ മിനിലോറിയും എതിരെ വന്ന ടിപ്പറുമായി കൂട്ടിയിടിക്കുകയായിരുന്നു. ഇന്ന് പുലർച്ചെ നാല് മണിക്കാണ് അപകടം നടന്നത്. കാർത്ത്യായനി- മനോഹരൻ ദമ്പതികളുടെ മകനാണ് സജീവൻ.

ആലക്കോട് മേരിമാതാ കോളേജിൽ വൈദികരെ ഉപരോധിച്ച് അധ്യാപകരുടെ സമരം

ആലക്കോട്: ശമ്പളം നിഷേധിക്കുന്നതിൽ പ്രതിഷേധിച്ച് ആലക്കോട് മേരിമാതാ കോളേജിൽ സമരം നടത്തി വരുന്ന അധ്യാപകർ കോളേജ് മാനേജർ ഉൾപ്പെടെയുള്ള വൈദികരെ ഉപരോധിച്ചു. മാനേജരും ആലക്കോട് സെന്റ് മേരീസ് പള്ളി വികാരിയുമായ ഫാ. ആന്റണി ആനക്കല്ലിൽ, അസി. വികാരി ഫാ. ടോമി, അസിസ്റ്റന്റ് മാനേജർ ഫാ. ജിജോ എന്നീ വൈദീകരെയും അഡ്മിനിസ്ട്രേറ്റർ സി. മാത്യുവിനെയുമാണ് ഉപരോധിച്ചത്. അധ്യാപകർക്ക് പിന്തുണയുമായി വിദ്യാർത്ഥികളും പ്രകടനം നടത്തി. സംഭവം അറിഞ്ഞ് എസ്.ഐ രാജന്റെ നേതൃത്വത്തിൽ പോലീസ് സ്ഥലത്തെത്തി. കഴിഞ്ഞ വെള്ളിയാഴ്ച മുതലാണ് അധ്യാപകർ സമരം തുടങ്ങിയത്.

ഇരിക്കൂറിൽ പത്തംഗ ചൂതാട്ട സംഘത്തെ പിടികൂടി; 31000രൂപ പിടിച്ചെടുത്തു

ഇരിക്കൂർ: ഉത്തൂരിലെ ചെങ്കൽപ്പണ കേന്ദ്രീകരിച്ച് പണം വച്ച് ചീട്ടുകളിയിലേർപ്പെട്ട പത്തംഗസംഘത്തെ എസ്.ഐ രജീഷ് തെരുവത്തെ പീടികയിൽ അറസ്റ്റ് ചെയ്തു. ഇതര സംസ്ഥാന തൊഴിലാളികളാണ് അറസ്റ്റിലായവർ. കളിസ്ഥലത്ത് നിന്നും 31000രൂപ പിടിച്ചെടുത്തു.

എവിടെ ആർ.എസ്.എസുണ്ടോ അവിടെ കലാപവുമുണ്ട്: ഇ.പി.ജയരാജൻ

കണ്ണൂർ: ആർ.എസ്.എസ് എവിടെയുണ്ടോ അവിടെ കലാപവുമുണ്ടാകുമെന്ന് സി.പി.എം കേന്ദ്ര കമ്മിറ്റിയംഗം ഇ.പി. ജയരാജൻ ആരോപിച്ചു. ആർ.എസ്.എസ് അക്രമത്തിന് എതിരെ പ്രതിഷേധ ദിനാചരണത്തിന്റെ ഭാഗമായി സ്റ്റേഡിയം കോർണറിൽ ആരംഭിച്ച ഇരകളുടെ സത്യാഗ്രഹം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം.

മസിൽപവറും മണിപവറും ഉപയോഗിച്ച് സാമ്രാജ്യത്വത്തിന്റെ പിന്തുണയോടെയാണ് ബി.ജെ.പി അധികാരത്തിൽ വന്നത്. മൂന്നിലൊന്ന് ജനതയുടെ പിന്തുണ പോലും അവർക്കില്ല. ആർ.എസ്.എസിന് ജനങ്ങളുടെ ജീവിതമല്ല പ്രശ്നം. അവർ ഹിറ്റ്ലറിൽ നിന്നും മുസോളിനിയിൽ നിന്നുമാണ് പാഠങ്ങൾ പഠിക്കുന്നത്.

കെ.പി. സഹദേവൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി പി. ജയരാജൻ സ്വാഗതം പറഞ്ഞു. പി.കെ. ശ്രീമതി എം.പി, എ.എൻ. ഷംസീർ എം.എൽ.എ, സി. കൃഷ്ണൻ എം.എൽ.എ, എം. സുരേന്ദ്രൻ, എം. പ്രകാശൻ മാസ്റ്റർ, കെ.വി. സുമേഷ്, വി. നാരായണൻ തുടങ്ങിയവർ സംബന്ധിച്ചു. രക്തസാക്ഷികളുടെ കുടുംബാംഗങ്ങളും പങ്കെടുക്കുന്നുണ്ട്.

സ്റ്റേഷൻ നവീകരണത്തിന് ക്വാറി ഉടമയോട് പണം വാങ്ങിയ എസ്.ഐക്ക് സസ്പെൻഷൻ

പാനൂർ: പോലീസ് സ്റ്റേഷൻ വളപ്പിൽ വർണ്ണാഭമായ ദീപവിതാനം ഒരുക്കാൻ കൈക്കൂലി വാങ്ങുകയും അത് നിലനിർത്താൻ 20,000 രൂപ കൂടി ആവശ്യപ്പെടുകയും ചെയ്ത എസ്.ഐക്കെതിരെ നടപടി. പാനൂർ എസ്.ഐ സുരേഷ്ബാബുവിനെയാണ് ജില്ലാ പോലീസ് സൂപ്രണ്ട് ശിവവിക്രം സസ്പെന്റ് ചെയ്തത്. വിരമിക്കാൻ ആറുമാസം മാത്രമുള്ള പ്പോഴാണ് നടപടി വന്നത്.

പാനൂർ സ്റ്റേഷൻ വളപ്പിലെ മാലിന്യങ്ങൾ നീക്കി മനോഹരമായ പൂന്തോട്ടം നിർമ്മിക്കുകയും വർണ്ണാഭമായ ദീപവിതാനം ഏർപ്പെടുത്തുകയും ചെയ്തിരുന്നു. പാനൂരിലെ ഒരു ട്രാവൽസാണ് സ്പോൺസർ ചെയ്തത്. ഇത് നിലനിർത്തണമെങ്കിൽ 20,000 രൂപ കൂടിവേണമെന്നാവശ്യപ്പെട്ടിരുന്നതായി എസ്.പിക്ക് പരാതി ലഭിച്ചിരുന്നു. ഇതിനിടയിൽ കാറി മുതലാളിയോട് പണം ചോദിച്ചുകൊണ്ടുള്ള ഫോൺ സംഭാഷണം പുറത്തുവന്നിരുന്നു. ഇതേതുടർന്നാണ് എസ്.ഐയെ സസ്പെന്റ് ചെയ്തത്.

ആലക്കോട് മേരിമാതാ കോളേജിൽ സമരം നടത്തുന്ന അധ്യാപകർ മാനേജരുടെ മുറിയുടെ മുന്നിൽ ഉപരോധം നടത്തുന്നു.

കടമ്പൂർ കോൺഗ്രസ് ഓഫീസ് അക്രമിച്ച കേസിൽ രണ്ട് ബി.ജെ.പിക്കാർ പിടിയിൽ

എടക്കാട്: കോൺഗ്രസ് ഓഫീസ് പ്രവർത്തിക്കുന്ന കടമ്പൂരിലെ രാജീവ്ജി കൾച്ചറൽ സെന്റർ അക്രമിച്ച കേസിൽ രണ്ട് ബി.ജെ.പി പ്രവർത്തകർ പിടിയിൽ. മേലൂർ സ്വദേശികളായ സുനീഷ്, പ്രഭീഷ് എന്നിവരാണ് പിടിയിലായത്. ഞായറാഴ്ച രാത്രി 8.45 ഓടുകൂടിയായിരുന്നു മുഖംമൂടിച്ചെത്തിയ ഒരു സംഘം ആളുകൾ കോൺഗ്രസ് ഓഫീസ് അക്രമിച്ചത്. ഓഫീസിനടുത്ത കടമ്പൂർ പഞ്ചായത്തംഗം പി.വി.പ്രേമവല്ലിയുടെ വീട് അക്രമിച്ചിരുന്നു. അക്രമത്തിൽ പ്രേമവല്ലി (50)ക്ക് പരിക്കേറ്റു. ഇവർ തലശേരി ഇന്ദിരാഗാന്ധി ആശുപത്രിയിൽ ചികിത്സയിലാണ്. നിരവധി ബൈക്കുകളും തകർത്തിരുന്നു. അക്രമത്തിൽ പ്രതിഷേധിച്ച് കടമ്പൂരിൽ കോൺഗ്രസ് ആഹ്വാന പ്രകാരം ഹർത്താൽ നടക്കുകയാണ്.

ധർമ്മടത്ത് ഓട്ടോഡ്രൈവറുടെ വീടിന് നേരെ ബോംബേറ്

തലശേരി: ധർമ്മടം പോലീസ് സ്റ്റേഷൻ പരിധിയിലെ കിഴക്കേ പാലയാട് ഓട്ടോ റിക്ഷാ ഡ്രൈവറുടെ വീടിന് നേരെ ബോംബേറ്. എ.പി. രവീന്ദ്രന്റെ വീടിന് നേരെയാണ് ഇന്നലെ അർദ്ധരാത്രിയോടെ ബോംബേറ് നടന്നത്. വീടിന്റെ ജനൽ ചില്ലുകൾ തകർന്നു. വീട്ടുമുറ്റത്ത് നിർത്തിയിട്ട ഓട്ടോറിക്ഷക്കും കേടുപാട് സംഭവിച്ചു. അക്രമത്തിന് പിറകിൽ സി.പി.എം ആണെന്ന് ബി.ജെ.പിയും ബി.ജെ.പിയാണെന്ന് സി.പി.എം ആരോപിച്ചു. സംഭവത്തിന് തൊട്ടുമുമ്പ് കിഴക്കേപാലയാട്ടെ സാരഥി ബസ് കാത്തിരിപ്പ് കേന്ദ്രം ബൈക്കിലെത്തിയ സി.പി.എമ്മും പ്രവർത്തകർ അക്രമിക്കാൻ ശ്രമിച്ചിരുന്നുവത്രെ. ബി.ജെ.പി പ്രവർത്തകർ ഇവരെ പിടികൂടാൻ ശ്രമിക്കവെ ഓടി രക്ഷപ്പെടുകയായിരുന്നത്രെ. അതിന് ശേഷമാണ് സി.പി.എം അനുഭാവിയായ രവീന്ദ്രന്റെ വീടിന് നേരെ ബോംബേറ് നടന്നത്. എന്നാൽ രവിയുടെ മകൻ വിനോജ് തങ്ങളുടെ പ്രവർത്തകനാണെന്നാണ് ബി.ജെ.പി അവകാശവാദം. ധർമ്മടം പോലീസ് സ്ഥലത്തെത്തി പരിശോധന നടത്തി.

സി.പി.എം അനുകൂല ക്ലബുകാർ തമ്മിലുള്ള തർക്കം; ഏരിയാ കമ്മിറ്റിയംഗത്തിന്റെ വീടാക്രമിച്ചു

കാഞ്ഞങ്ങാട്: സി.പി.എം അനുകൂല ക്ലബുകാർ തമ്മിലുള്ള സംഘട്ടനം സി.പി.എം ഏരിയാ കമ്മിറ്റിയംഗത്തിന്റെ വീടാക്രമിക്കുന്നതിൽ കലാശിച്ചു. ഒരു ക്ലബ് പൂർണ്ണമായും അടിച്ചു തകർക്കുകയും ചെയ്തു.

ബേക്കൽ അരവങ്ങാനം യുവശക്തി ക്ലബാണ് ഇന്നലെ സന്ധ്യയോടെ പൂർണ്ണമായും അടിച്ചു തകർത്തത്. ഒരു ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു. ക്ലബിന് സമീപം താമസിക്കുന്ന സി.പി.എം ഉദുമ ഏരിയാ കമ്മിറ്റിയംഗം വി.വി.സുകുമാരന്റെ വീടാണ് അക്രമിക്കപ്പെട്ടത്. വീടിന്റെ ജനൽച്ചില്ലുകളും മറ്റും തകർക്കപ്പെട്ടിട്ടുണ്ട്.

യുവശക്തി ക്ലബുകാരും സംഘചേതന ക്ലബുകാരും തമ്മിലുള്ള തർക്കമാണ് സംഘട്ടനത്തിൽ കലാശിച്ചത്. സി.പി.എം അനുകൂല ക്ലബാണ് രണ്ടും. കേരളോത്സവത്തിന്റെ ഭാഗമായി നടന്ന കബഡി മത്സരത്തിന്റെ വിധി നിർണ്ണയത്തെ ചൊല്ലി ഇരു ക്ലബുകാരും തമ്മിൽ സംഘട്ടനം നടന്നിരുന്നു. സി.പി.എം നേതൃത്വം ഇടപെട്ട് പ്രശ്നം ഒത്തുതീർത്തിരുന്നു. എന്നാൽ ഇന്നലെ തച്ചങ്ങാട് കലാമത്സരം അരങ്ങേറുമ്പോൾ അവിടെയെത്തിയ സംഘചേതനയുടെ രണ്ടുപേരെ യുവശക്തി പ്രവർത്തകർ അക്രമിച്ചുവത്രെ. നേരത്തെ തങ്ങളെ അക്രമിച്ചവർ എന്ന് പറഞ്ഞാണ് സംഘചേതനക്കാരെ മർദിച്ചത്. ഇതിന് തിരിച്ചടിയായാണ് യുവശക്തി ക്ലബ് തകർത്തതും ഏരിയാ കമ്മിറ്റിയംഗത്തിന്റെ വീടാക്രമിച്ചതും എന്നാണ് കരുതുന്നത്.

പരിയാരത്ത് ഇതര സംസ്ഥാനക്കാരനായ ഹോട്ടൽ തൊഴിലാളിയെ കഴുത്തറുത്ത് കൊല്ലാൻ ശ്രമം

പരിയാരം: മെഡിക്കൽ കോളേജ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ഹോട്ടലിലെ തൊഴിലാളിയായ ഇതര സംസ്ഥാനക്കാരനെ കഴുത്തറുത്ത് കൊല്ലാൻ ശ്രമം. ഒഡിഷ ബലോൺ ജില്ലയിലെ ബലേശ്വർ സ്വദേശി മംഗ്ളു (36)നെ ഗുരുതര നിലയിൽ പരിയാരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു.

പഴയങ്ങാടി സ്വദേശിയുടെ ഉടമസ്ഥതയിലുള്ള ടി.കെ.സി. ഹോട്ടലിലെ തൊഴിലാളിയാണ് ഇയാൾ. 15 ദിവസം മുമ്പാണ് ഈ ഹോട്ടലിൽ മംഗ്ളു ജോലിക്കെത്തിയത്. മെഡിക്കൽ കോളേജിന് എതിർവശം ദേശീയപാതയോരത്തെ മുസ്ലീംപള്ളിക്ക് സമീപത്തെ ഇരുനില വാടക വീട്ടിലാണ് പത്ത് ജീവനക്കാരും താമസിക്കുന്നത്. ജീവനക്കാർ മുഴുവൻ ഇതരസംസ്ഥാനക്കാരാണ്. ഇന്ന് പുലർച്ചെ 4.45ഓടെ ഹോട്ടൽ മാനേജർ എഴുന്നേറ്റപ്പോൾ വരാന്തയിലും മുറ്റത്തും രക്തം പരന്നുകിടക്കുന്നത് കണ്ടു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് താമസ സ്ഥലത്തിനരികെ കഴുത്തിന് മുറിവേറ്റ നിലയിൽ യുവാവിനെ കണ്ടെത്തിയത്.

പുലർച്ചെ മൂന്ന് മണിയോടെ മുത്രമൊഴിക്കാനായി വീടിന് പുറത്തിറങ്ങിയ മംഗ്ളുവിനെ ഒരാൾ ഗ്രിൽസിനോട് ചേർത്ത് പിടിക്കുകയും മറ്റൊരാൾ മൂർച്ചയുള്ള ആയുധം കൊണ്ട് കഴുത്ത് മുറിക്കുകയും വേറെയൊരാൾ ഇത് നോക്കിനിൽക്കുകയായിരുന്നുവെന്നാണ് പറയുന്നത്. മുറിയിൽ ഒപ്പം താമസിക്കുന്നവരല്ല പുറത്ത് നിന്നെത്തിയവരാണ് കഴുത്ത് മുറിച്ചതെന്നാണ് പറയുന്നത്. എന്നാൽ ഇത് പോലീസ് പൂർണ്ണമായും മുഖവിലക്കെടുത്തിട്ടില്ല. പുറത്ത് നിന്നെത്തിയ സംഘം അക്രമിക്കാനുള്ള സാധ്യത കുറവാണെന്നാണ് പോലീസ് നിഗമനം. സംഭവത്തിൽ ദുരൂഹതയുണ്ട്. കൂടെ താമസിച്ചിരുന്നവരെ പോലീസ് ചോദ്യം ചെയ്തുവരികയാണ്. തളിപ്പറമ്പ് എസ്.ഐ ബിനുമോഹനും പരിയാരം എസ്.ഐ സി. അമലുമാണ് കേസന്വേഷിക്കുന്നത്.

ഇതരസംസ്ഥാന തൊഴിലാളികളെ കൊലപ്പെടുത്താൻ കേരളത്തിൽ ഒരു സംഘം പ്രവർത്തിക്കുന്നുവെന്ന ആരോപണം പ്രചരിക്കുന്നതിനിടയിലാണ് മംഗ്ളുവിനെ കൊലപ്പെടുത്താൻ ശ്രമം നടന്നത്. ഇതാണ് ദുരൂഹതയുടെ ആക്കം കൂട്ടിയത്.

ബൈക്കിൽ കടത്തുകയായിരുന്ന കഞ്ചാവ് സഹിതം യുവാവ് പിടിയിൽ



കേളകം: ക്ഷേത്ര പരിസരങ്ങളിൽ കഞ്ചാവ് വിൽപ്പന നടത്തുന്ന യുവാവിനെ പേരാവൂർ എക്സൈസ് റെയിഞ്ച് ഇൻസ്പെക്ടർ കെ.അജയന്റെ നേതൃത്വത്തിൽ പിടികൂടി. കൊട്ടിയൂർ അമ്പായത്തോട് സ്വദേശി കൊങ്കല്ലുങ്കൽ വീട്ടിൽ ബിബിൻ ജോർജ് (25) ആണ് പിടിയിലായത്. കൊട്ടിയൂർ പാമ്പറപ്പാൻ ഭാഗത്ത് ഇന്നലെ രാത്രി 9.30 ഓടെ നടത്തിയ വാഹന പരിശോധനക്കിടയിലാണ് ബിബിൻ പിടിയിലായത്. കെ.എൽ 36-2565 യമഹ ബൈക്കിൽ സഞ്ചരിക്കുകയായിരുന്നു ഇയാൾ. 20 ഗ്രാം കഞ്ചാവ് ഇയാളിൽ നിന്ന് പിടിച്ചെടുത്തു.

കൊട്ടിയൂർ ക്ഷേത്ര പരിസരത്തും സ്കൂൾ പരിസരങ്ങളിലും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് ബിബിൻ കഞ്ചാവ് വിൽപ്പന നടത്താറുണ്ടെന്ന് അന്വേഷണത്തിൽ വ്യക്തമായി. വീരാജ്പേട്ടയിൽ നിന്നാണത്രെ കഞ്ചാവ് വാങ്ങിക്കാറുള്ളത്. കഞ്ചാവ് ഏർപ്പാടിൽ ഇയാൾക്ക് സഹായികളുണ്ടോയെന്ന് അന്വേഷിച്ചുവരികയാണ്.

കഴിഞ്ഞ ദിവസം കഞ്ചാവ് മാഫിയ കൊട്ടിയൂരിൽ വയോധികനെ മർദിച്ചിരുന്നു. ഇതേ തുടർന്ന് കഞ്ചാവ് മാഫിയക്കെതിരെ നടപടി കർശനമാക്കിയിരുന്നു. പ്രിവന്റീവ് ഓഫീസർ എം.പി.സജീവൻ, സിവിൽ എക്സൈസ് ഓഫീസർമാരായ സി.എം.ജയിംസ്, ഇ.വിജയൻ, ടി.ശ്രീനാഥ്, വി.എൻ.സതീഷ്, സി.പി.ഷാജി എന്നിവരും പരിശോധനാ സംഘത്തിലുണ്ടായിരുന്നു.

ഉംറ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു
15/30 ദിവസത്തെ പാക്കേജുകൾ
ആദ്യബാച്ച് ഒക്ടോബർ അവസാനം
8129488822, 8129488833
ഗ്രൂപ്പുകൾക്കുള്ള കുറഞ്ഞ നിരക്കിലുള്ള പാക്കേജുകൾ ലഭ്യമാണ്
റവാദ് ഹോളിഡേയ്സ്
താണ, കണ്ണൂർ
H.O: Diafath al Rashideen Hotel MAKKAH SAUDI ARABIA